പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4276 — 16.12.2014 ൽ മറുപടിയ്ക്ക്

## വ്യവസായ സംരംഭകത്വ വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കമോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) യുവജനങ്ങളുടെ സംരംഭകത്വകഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) യുവജനങ്ങളിൽ സംരംഭകത്വ കഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) സംരംഭകത്വ പരിശീലന പരിപാടിയിൽ സംരംഭകാവസരം കണ്ടെത്തുന്നതു മുതൽ അവരെ വിജയകരമായി മുന്നോട്ടു കൊണ്ടു പോയി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതുവരെ പരിശീലനാർത്ഥികൾക്ക് സഹായം, നൽകുന്നതിലേക്ക് മോട്ടിവേഷൻ, മാർക്കറ്റ് അനാലിസിസ്, മെന്ററിംഗ്, പ്രോജക്ട് റിപ്പോർട്ട് പ്രിപ്പറേഷൻ എന്നിവ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.പ്രീ-ട്രെയിനിംഗ് ഘട്ടം, ട്രെയിനിംഗ് ഘട്ടം, മെന്ററിംഗ് ഘട്ടം എന്നീ വിധത്തിൽ മൂന്ന് ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. |
| (ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) Entrepreneurship Development Institute of India യുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഇ) | ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും സംരംഭക മേഖലയിൽ ആഭിമുഖ്യമുള്ള 12 നും 40 നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കളിൽ നിന്നും പത്രപരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇപ്രകാരം അപേക്ഷ സമർപ്പിച്ച 498 പേർക്ക് പരിശീലനം നൽകുകയും, ഇവയിൽ 225 പേർ സ്വയം സംരംഭകരാകുകയും ചെയ്തു. സംരംഭകരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 2014 നവംബർ 17, 18 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് യുവസംരംഭകസംഗമം സംഘടിപ്പിച്ചു. പരിശീലനാനന്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് എല്ലാ തരത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും Entrepreneurship Development Institute of India നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ